# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1973      05/10/2016 -ൽ മറുപടിക്ക്

## ഗ്രാമീണ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.കെ.ശശി | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കഴിഞ്ഞ അഞ്ചു വർഷങ്ങളായി ഗ്രാമീണ കുടിവെള്ള പദ്ധതി നടത്തിപ്പുകൾക്ക് ലഭിക്കുന്ന കേന്ദ്രവിഹിതം, ഇതിൽ വന്നിട്ടുള്ള കുറവ്, സംസ്ഥാന വിഹിതം, ലഭിച്ച തുക എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | ഇത് സംബന്ധിച്ച വിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി നിർമ്മാണങ്ങൾക്കായി കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ ആവശ്യമായിരുന്ന ഭൂമി, ലഭിച്ച ഭൂമി, ഭൂമി ലഭിക്കാത്തതുമൂലം നടപ്പിലാക്കാത്ത പദ്ധതികൾ എന്നിവ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | പദ്ധതി നിർമ്മാണങ്ങൾക്കായി കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ ആവശ്യമായിരുന്ന ഭൂമി, ലഭിച്ച ഭൂമി എന്നിവയുടെ വിശദവിവരം അനുബന്ധം-2 ആയും ഭൂമി ലഭിക്കാത്തതുമൂലം നടപ്പിലാക്കാത്ത പദ്ധതികൾ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം-3 ആയും ചേർത്തിരിക്കുന്നു. |
| (സി) | ഭൂമി ലഭിക്കാത്തതുമൂലം, പാലക്കാട് ജില്ലയിലും ഷൊർണ്ണൂർ മണ്ഡലത്തിലും നടപ്പാക്കാൻ കഴിയാത്ത പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) | (1) അട്ടപ്പാടി മേഖലയിലെ അഗളി-പുതുർ-ഷോളയൂർ കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിലെ ശുദ്ധീകരണശാല, ബൂസ്റ്റർ പമ്പിംഗ് സ്റ്റേഷൻ, (2) തൃക്കടീരി-ചെർപ്പുളശ്ശേരി-അനങ്ങനടി-ചളവറ പദ്ധതിയുടെ ഒന്നാംഘട്ടം എന്നീ പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. |
| (ഡി) | പ്രശ്നങ്ങൾ പരിഹരിച്ച് ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനും മണ്ഡലങ്ങളിലെ സാമാജികരുടെ നിർദ്ദേശ | (ഡി) | സ്ഥലം ഏറ്റെടുക്കുന്നതിനും റോഡ് കട്ടിംഗ്, റെയിൽവേ ക്രോസിംഗ് മുതലായവയ്ക്കുള്ള അനുമതി ഉൾപ്പെടെയുള്ള തടസ്സങ്ങൾ പരിഹരിക്കുന്നതിനും അവലോകന യോഗ |

| | |
|---|---|
| ങ്ങൾ കൂടി കണക്കിലെടുത്ത് കുടിവെള്ള പദ്ധതികൾ യഥാസമയം നടപ്പിലാക്കാനും എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | ങ്ങൾ കൂടി ജനപ്രതിനിധികളുടെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് പദ്ധതി നിർവ്വഹണം നടത്തുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

(തുക കോടിയിൽ)

| ക്രമ നമ്പർ | വർഷം | വകയിരുത്തിയ തുക | | അനുവദിച്ച തുക | |
|---|---|---|---|---|---|
| | | കേന്ദ്രം | സംസ്ഥാനം | കേന്ദ്രം | സംസ്ഥാനം |
| 1. | 2011-12 | 132.86 | 50 | 107.01 | 50 |
| 2. | 2012-13 | 170.78 | 50 | 245.65 | 31.73 |
| 3. | 2013-14 | 134.62 | 55 | 201.93 | 55 |
| 4. | 2014-15 | 99.36 | 65 | 119.56 | 101.32 |
| 5. | 2015-16 | 45.28 | 65 | 45.28 | |

കേന്ദ്ര വിഹിതത്തിൽ 2013-14-ൽ തൊട്ടുമുൻവർഷത്തെ അപേക്ഷിച്ച് 43.72 കോടി രൂപയും 2014-15-ൽ 82.37 കോടി രൂപയും 2015-16-ൽ 74.28 കോടി രൂപയും കുറവ് വന്നിട്ടുണ്ട്.